"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീമതി.സരസമ്മ.പി.എൻ, രാജ് ഭവൻ, ആലക്കോട്, കൊല്ലക്കടവ്, മാവേലിക്കര സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.377/2026/ID തീയതി,തിരുവനന്തപുരം, 19-03-2026

---

പരാമർശം:-

1. ആലപ്പുഴ ജില്ലാ ജിയോളജിസ്റ്റിന്റെ 12/12/2024 തീയതിയിലെ DOALA-DMG/424/2024-M നമ്പർ ഡിമാന്റ് നോട്ടീസ്.
2. ശ്രീമതി.സരസമ്മ.പി.എൻ, രാജ് ഭവൻ, ആലക്കോട്, കൊല്ലക്കടവ്, മാവേലിക്കര 20/01/2025-ന് സമർപ്പിച്ച അപ്പീൽ പെറ്റീഷൻ.
3. ആലപ്പുഴ ജില്ലാ ജിയോളജിസ്റ്റിന്റെ 12/02/2025 തീയതിയിലെ DOALA-DMG/424/2024-M നമ്പർ റിപ്പോർട്ട്.
4. 17/06/2025-ലെ 34/എ4/2025 നം സർക്കാർ കത്ത്.
4. WP(C) 23437/2025 നമ്പർ റിട്ട് ഹർജിയിൽ ബഹു.കോടതി 25/07/2025 ന് പുറപ്പെടുവിച്ച വിധിന്യായം

**ഉത്തരവ്**

ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ വെട്ടിയാർ വില്ലേജിൽ സർവ്വേ നം 483/4-ൽ പ്പെട്ടതും ശ്രീമതി.സരസമ്മയുടെ കൈവശത്തിലുള്ളതുമായ സ്ഥലത്തു 50000 MT Granite Aggregates Stock ചെയ്ത് വിപണനം ചെയ്യുന്നതിന് ഡിലേഴ്സ് ലൈസൻസ് നല്കിയിരുന്നു. പ്രസ്തുത സ്ഥലത്ത് ഡീലേഴ്സ് ലൈസൻസ് പുതുക്കുന്നതിനായി ഹർജിക്കാരി സമർപ്പിച്ച അപേക്ഷയിന്മേൽ ആലപ്പുഴ ജിയോളജി ഓഫീസിൽ നിന്നും നടത്തിയ സ്ഥലപരിശോധനയിൽ KOMPAS Stock Report- ൽ നിന്നും 22680 .58 MT Stock വ്യത്യാസം ഉള്ളതായി ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് അനധികൃതമായി വിപണനം ചെയ്ത 22680 .58 MT Granite Aggregates ന് റോയൽറ്റി, വില, കോംപൗണ്ടിംഗ് ഫീസിനത്തിൽ ആകെ 57,43,339/- രൂപ ഒടുക്കുന്നതിനാവശ്യപ്പെട്ട് ആലപ്പുഴ ജിയോളജിസ്റ്റ് 12.12.2024 ൽ പരാമർശം (1) പ്രകാരം നൽകിയ ഡിമാന്റ് നോട്ടീസിനെതിരെ ശ്രീമതി.സരസമ്മ.പി.എൻ, രാജ് ഭവൻ, ആലക്കോട്, കൊല്ലക്കടവ്, മാവേലിക്കര പരാമർശം (2) പ്രകാരം സർക്കാരിൽ അപ്പീൽ സമർപ്പിച്ചിരുന്നു.

2.. ശ്രീമതി.സരസമ്മ.പി.എൻ 20.01.2025 ന് സമർപ്പിച്ച അപ്പീൽ ഹർജിയുടെയും സ്റ്റേ പെറ്റിഷന്റെയും അടിസ്ഥാനത്തിൽ അപ്പീൽ കക്ഷി ചുമതലപ്പെടുത്തിയതനുസരിച്ച് ടിയാൾക്ക് വേണ്ടി ഹാജരായ ശ്രീ.രാജേഷിനെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും 06.03.2025 ന് അപ്പീൽ അധികാരി നേരിൽ കേട്ടു.

3. റോയൽറ്റിയും GST-യും ഒടുക്കിയ ധാതുവാണ് അപ്പീൽ കക്ഷി വാങ്ങി വില്പന നടത്തിയതെന്നും ഇതിന് കൃത്യമായ പർച്ചേസ് ബില്ലുകൾ ഉണ്ടെന്നും ടിയാൾ നിയമം ലംഘിച്ച് ഒന്നും ചെയ്തിട്ടില്ലെന്നും മെടിക് ടൺ ക്യൂബിക് മീറ്ററിലാക്കി വിൽക്കുമ്പോൾ വരുന്ന വ്യത്യാസം കൊണ്ടാണ് അളവിൽ വ്യത്യാസം വന്നതെന്നും അനധികൃതമായി ധാതു സംഭരിച്ച് വിപണനം നടത്തിയിട്ടില്ലെന്നും അഡ്വാൻസായി റോയൽറ്റി ഒടുക്കാത്ത കേസുകളിൽ മാത്രമാണ് പെനാൽറ്റിയായി റോയൽറ്റിയുടെ നാലിരട്ടി വരുന്നതെന്നും കൃത്യമായ പർച്ചേസ് ബില്ലുകൾ ഉള്ള ധാതുവിന് Stock വ്യത്യാസത്തിന്റെ പേരിൽ ഇപ്രകാരം പെനാൽറ്റി നിശ്ചയിച്ചത് ശരിയല്ലെന്നും ഇപ്രകാരം പെനാൽറ്റി ആയി നോട്ടീസ് നൽകുമ്പോൾ ഡീലേഴ്സ് ലൈസൻസ് കരസ്ഥമാക്കി ചെറുകിട വ്യവസായം നടത്തുന്നവർക്ക് അത് വലിയ ഒരു ബാദ്ധ്യതയായി മാറുമെന്നും അതിനാൽ ഡിമാന്റ് നോട്ടീസിലെ റോയൽറ്റിയും വിലയും ഒഴിവാക്കി കോമ്പൗണ്ടിംഗ് ഫീ മാത്രമായി അപ്പീൽ തീർപ്പാക്കണമെന്നും തീർപ്പാക്കുന്നതു വരെ ഡിമാന്റ് നോട്ടീസ് സ്റ്റേ ചെയ്യണമെന്നും അപ്പീൽ കക്ഷിക്ക് വേണ്ടി ഹാജരായ വ്യക്തി വാദിച്ചു.

5. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലാ ജിയോളജിസ്റ്റ് പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

മാവേലിക്കര താലൂക്കിൽ വെട്ടിയാർ വില്ലേജിൽ ബ്ലോക്ക് 5, സർവ്വേ നമ്പർ 483/4-ൽ പ്പെട്ട അപ്പീൽ കക്ഷിയുടെ കൈവശത്തിലും പെട്ട 14.17ares സ്ഥലത്ത് Form G No. 39/2023-2024/GBS/DOALA-DMG/577/2023-M dt. 21.7.2023 പ്രകാരം 21.7.2023 മുതൽ 20.7.2024 തീയതി വരെ 50000 മെടിക് ടൺ ഗ്രാനൈറ്റ് അഗ്രഗേറ്റ്സ് സംഭരിച്ച് വിപണനം നടത്തുന്നതിന് കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിങ്ങ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ പ്രകാരം ഡീലേഴ്സ് ലൈസൻസ് അനുവദിച്ചിരുന്നു. ഡീലേഴ്സ് ലൈസൻസ് കാലാവധി അവസാനിച്ച സാഹചര്യത്തിൽ ടി അനുമതി പുതുക്കുന്നതിലേയ്ക്കായി 18.7.2024 തീയതിയിൽ അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ച ആയത് ക്രമപ്രകാരമാണെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ 27/07/.2024-ന് സ്ഥലപരിശോധന നടത്തുകയുണ്ടായി. ടി സ്ഥലപരിശോധനയിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ 29.10.2024-ന് സ്ഥലം പുനഃപരിശോധിച്ചു. പരിശോധനയിൽ ടി സ്ഥലത്ത് ഉദ്ദേശം 1500 മെടിക്ടൺ ഗ്രാനൈറ്റ് അഗ്രിഗേറ്റ്സ് സ്റ്റോക്ക് ചെയ്തിരിക്കുന്നതായി കണ്ടു. എന്നാൽ KOMPAS റിപ്പോർട്ടിലെ സ്റ്റോക്ക് പരിശോധിച്ചതിൽ 19.7.2024 തീയതിയിൽ ബാലൻസ് സ്റ്റോക്ക് 24180.58 മെടിക് ടൺ ആയിരുന്നു. 24180.58 മെടിക് ടൺ ഗ്രാനൈറ്റ് അഗ്രിഗേറ്റ്സ് ടി സൈറ്റിൽ ഉണ്ടാകേണ്ടിയിരുന്ന സ്ഥാനത്ത് 1500 മെടിക് ടൺ ഗ്രാനൈറ്റ് അഗ്രിഗേറ്റ്സ് മാത്രമേ സ്റ്റോക്ക് ചെയ്തിരിക്കുന്നതായി കാണാൻ കഴിഞ്ഞുള്ളു. അതായത് 22680.58 മെടിക് ടൺ ഗ്രാനൈറ്റ് അഗ്രിഗേ റ്റ്സിന്റെ സ്റ്റോക്ക് വേരിയേഷൻ ഉണ്ടായിട്ടുണ്ട്. ഇതിൽ നിന്നും മനസ്സിലാകുന്നത് 22680.58 മെടിക് ടൺ ഗ്രാനൈറ്റ് അഗ്രിഗേറ്റ്സ് മിനറൽ ട്രാൻസിറ്റ് പാസുകൾ നൽകാതെ അനധികൃതമായി വില്പന നടത്തി എന്നതാണ്. 2015ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ്, & ട്രാൻസ്പോർട്ടേഷൻ) ളിലെ ചട്ടം 25(1) പ്രകാരം " Every producer or dealer of mineral or its products under these rules shall give valid mineral transit passes in form O(A) of these rules to every purchaser or person-in-charge of the carrier transporting the mineral from mine or sales depot or mineral processing unit in the manner stipulated in Rule 26.

കൂടാതെ 2015-ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ്, & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിലെ ചട്ടം 25(2) പ്രകാരം ഡീലേഴ്സ് ലൈസൻസ് സമ്പാദിച്ചയാൾ തന്റെ ഡി.എൽ യാർഡ്/ഡിപ്പോ-ൽ നിന്നും സ്റ്റോക്ക് ചെയ്ത ധാതുക്കൾ വില്പന/ഗതാഗതം ചെയ്യുന്നതിന് മൂവ്മെൻറ് പെർമിറ്റ് സമ്പാദിക്കുകയും തുടർന്ന് ആയതു പ്രകാരമുള്ള Form 0(A) ൽ

ഉള്ള മിനറൽ ട്രാൻസിറ്റ് പാസുകൾ നേടണമെന്നും വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപ്പീൽ കക്ഷി 22680.58 മെട്രിക് ടൺ ഗ്രാനൈറ്റ് അഗ്രിഗേറ്റ്സിന് മൂവ്മെൻറ് പെർമിറ്റിന് അപേക്ഷിക്കുകയോ Form 0(A) ൽ ഉള്ള മിനറൽ ട്രാൻസിറ്റ് പാസുകൾ എടുക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ടി പ്രവൃത്തി കുറ്റകരവും 1957ലെ മൈൻസ് & മിനറൽസ്(ഡെവലപ്മെൻറ് ൽസ്(ഡെവലപ്മെൻറ് & റെഗുലേഷൻ) ആക്റ്റിലെ സെക്ഷൻ 21(2) പ്രകാരം ശിക്ഷാർഹമാണ്. ടി കുറ്റത്തിന് അനധികൃതമായി കടത്തിയ ധാതുവിന്റെ റോയൽറ്റി, വില(റോയൽറ്റിയുടെ 4 ഇരട്ടി), പിഴ എന്നിവ 2015ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ്, & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിലെ ചട്ടം 29 പ്രകാരം ഈടാക്കേണ്ടതാണ്. 29.10.2024ലെ സ്ഥലപരിശോധനയ്ക്ക് ശേഷം അപ്പീല് കക്ഷിയുടെ മകനായ ശ്രീ. രാജേഷിന്റെ സാന്നിദ്ധ്യത്തില് മഹസ്സർ തയ്യാറാക്കുകയും ചെയ്തു. ടിയാനോട് സ്റ്റോക്ക് വ്യത്യാസത്തിന്റെ കാരണം ആരാഞ്ഞതിൽ KOMPAS പോർട്ടലിലെ മൂവ്മെൻറ് പെർമിറ്റുകളുടെ വിവരങ്ങൾ അടങ്ങിയ പേപ്പർ കാണിക്കുകയും ആയത് പ്രകാരം 184.57 മെട്രിക് ടൺ സ്റ്റോക്ക് മാത്രമാണ് അവശേഷിക്കുന്നത് എന്നും പറഞ്ഞു. ആയത് movement permit കളുടെ വിവരങ്ങൾ മാത്രമാണെന്നും, സ്റ്റോക്ക് റിപോർട്ട് എന്താണെന്നുമുളളത് സംബന്ധിച്ച് അപ്പീൽ കക്ഷിയുടെ മകന് ബോദ്ധ്യപ്പെടുത്തി നൽകി. അപ്പീൽ കക്ഷി വർഷങ്ങളായി ഡീലേഴ്സ് ലൈസൻസ് എടുക്കുന്ന വ്യക്തിയും പ്രസ്തുത ക്രഷർ യൂണിറ്റിനടുത്തായി മറ്റൊരു സ്റ്റോക്ക് യാർഡ് ഡീലേഴ്സ് ലൈസൻസോടു കൂടി നടത്തി വരുന്ന വ്യക്തിയുമാണ്. അപ്പീൽ കക്ഷി KOMPAS പോർട്ടലിൽ movement permit - അപേക്ഷകൾ സമർപ്പിക്കുക, സറണ്ടർ ചെയ്യുക, മിനറൽ ട്രാൻസിറ്റ് പാസുകൾ എടുക്കുക മുതലായവയെല്ലാം ചെയ്തു വന്നിരുന്ന വ്യക്തിയാണ്. ആയതിനാൽ തന്നെ KOMPAS Stock Report എന്താണെന്ന് എന്നു പറയുന്നത് അംഗീകരിക്കാൻ കഴിയില്ല. തുടർന്ന് 21.11.2024 -ൽ അപ്പീൽ കക്ഷിക്ക് 25.11.2024 തീയതിയിൽ ഈ ഓഫീസിൽ ഹാജരായി വിശദീകരണം നൽകുന്നതിന് കാരണം കാണിക്കൽ നോട്ടീസ് നൽകി. ടി നോട്ടീസിന് മറുപടി നൽകുവാന് സാവകാശം അനുവദിക്കണമെന്ന് 24.11.2024 തീയതിയിൽ അപ്പീൽ കക്ഷി ഇ-മെയിൽ പ്രകാരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് അനുവദിക്കുകയും അപ്പീൽ കക്ഷിയെ നേരിട്ട് കേൾക്കുന്നതിന് പുതുക്കിയ തീയതിയായ 9.12.2024 നിശ്ചയിച്ചു കൊണ്ട് 30.11.2024 -ന് കാരണം കാണിക്കൽ നോട്ടീസ് വീണ്ടും നൽകുയും ചെയ്തു.9.12.2024 തീയതിയിൽ വിശദീകരണം നൽകുന്നതിന് അപ്പീൽ കക്ഷിയുടെ മകൻ ഹാജരാകുകയും സ്റ്റോക്കിലെ അപാകത സംബന്ധിച്ച ഈ ഓഫീസിൻ്റെ കണ്ടെത്തലുകൾ തെറ്റാണെന്നും "KOMPAS stock report" എന്താണെന്ന് തനിക്കറിവില്ലായെന്നും തുടങ്ങിയ വാദങ്ങൾ പ്രതിപാദിച്ചുകൊണ്ടുളള അപ്പീൽ കക്ഷിയുടെ വിശദീകരണം ഹാജരാക്കുകയും ചെയ്തു. തുടർന്ന് ടി വിശദീകരണം അംഗീകരിക്കാൻ കഴിയാത്തതിനാൽ 22680.58 മെട്രിക് ടൺ സ്റ്റോക്ക് വ്യത്യാസത്തിനു റോയൽറ്റി, വില, കോമ്പൗണ്ടിംഗ് ഫീ എന്നിവ ചേർത്ത് 57,43,339/- രൂപ സർക്കാരിലേക്ക് ഒടുക്കു വരുത്തുന്നതിനായി 12.12.2024-ന് ഡിമാൻഡ് നോട്ടീസ് നൽകി. ടി ഡിമാൻഡ് നോട്ടീസിനതിരെയാണ് അപ്പീൽ നൽകിയിട്ടുളളത്. അപ്പീൽ കക്ഷി തന്റെ സ്റ്റോക്ക് യാർഡിൽ നിന്നും മിനറൽ ട്രാൻസിറ്റ് പാസുകൾ നൽകാതെ, 22680.58 ടൺ ഗ്രാനൈറ്റ് അഗ്രിഗേറ്റ്സ് സർക്കാരിൽ നഷ്ടം വരുത്തിക്കൊണ്ട് നിയമങ്ങൾ പാലിക്കാതെ അനധികൃതമായി കടത്തിയിട്ടുള്ളത് "KOMPAS stock report" ഈ ഓഫീസിൽ നിന്നും നടത്തിയ സ്ഥലപരിശോധന എന്നിവയിൽ നിന്നും വളരെ വ്യക്തമാണ്. വളരെ നാളുകളായി നിയമപ്രകാരം ഡീലേഴ്സ് ലൈസൻസ് സമ്പാദിച്ച് ക്രഷറും സ്റ്റോക്ക് യാർഡും നടത്തി വരുന്ന അപ്പീൽ കക്ഷിക്ക് ആയതുമായി ബന്ധപ്പെട്ട് നിയമങ്ങൾ അറിയില്ല എന്നത് അംഗീകരിക്കാൻ കഴിയില്ല. ടി സാഹചര്യത്തിൽ അപ്പീൽ കക്ഷിയുടെ അപേക്ഷ തള്ളി പ്രസ്തുത തുക ഒടുക്കുവാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ഉത്തരവ് ഉണ്ടാകേണ്ടതാണ്.

2.ഹിയറിംഗിനെറ അടിസ്ഥാനത്തിൽ സ്റ്റേ പെറ്റിഷൻ പരിഗണിച്ച് ഡിമാന്റ് തുകയുടെ 10% ഒടുക്കുന്ന മുറക്ക് പ്രസ്തുത തീയതി മുതൽ മൂന്ന് മാസത്തേക്ക് സ്റ്റേ പരാമർശം 4-ലെ കത്തു പ്രകാരം അനുവദിച്ചിരുന്നു. എന്നാൽ ഹർജിക്കാരി ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)

23437/2025 നമ്പർ റിട്ട് ഹർജിയിൽ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിലെ ചട്ടം 28(3) പ്രകാരമാണ് ഹർജിക്കാരിയുടെ സ്റ്റേ പെറ്റിഷൻ പരിഗണിക്കേണ്ടതെന്നും, കെ.എ.എം.സി ചട്ടം (2023-ലെ ഭേദഗതി) 101 ഈ കേസിൽ ബാധകമല്ലെന്നും ആയതിനാൽ ഹർജിക്കാരിയുടെ സ്റ്റേ പെറ്റിഷനിൽ ബഹു.കോടതി 25/07/2025 ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ ഹർജിക്കാരിക്ക് സ്റ്റേ അനുവദിച്ചുകൊണ്ടുള്ള 17.06.2025 ലെ സർക്കാർ കത്ത് റദ്ദ് ചെയ്ത് കൊണ്ടും, ഹർജിക്കാരി സർക്കാരിൽ സമർപ്പിച്ച സ്റ്റേ പെറ്റിഷൻ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിലെ ചട്ടം 28(3) പ്രകാരം ഒരു മാസത്തിനുള്ളിൽ പരിഗണിക്കുന്നതിനും,ഉചിതമെങ്കിൽ അപ്പീൽ ഹർജി തന്നെ പരിഗണിച്ച് തീർപ്പാക്കുന്നതിനും 4-ാം എതിർകക്ഷിയായ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശമുണ്ടായിരുന്നു. തുടർന്ന് പ്രസ്തുത റിട്ട് ഹർജിയിലെ റിവ്യൂ പെറ്റിഷൻ നം.1224/2025-മേലുള്ള ബഹു. ഹൈക്കോടതി യുടെ 14/10/2025-ലെ ഉത്തരവ് പ്രകാരം 25/07/2025 ലെ വിധിന്യായത്തിൽ ഭേദഗതി വരുത്തി ഡിമാന്റ് തുകയുടെ 10% ഒടുക്കുന്ന വ്യവസ്ഥ മാത്രം റദ്ദ് ചെയ്ത് 17/06/2025-ലെ സർക്കാർ കത്ത് നിലനിറുത്തി.കൂടാതെ അപ്പീൽ ഹർജി എത്രയും വേഗം തീർപ്പാക്കുന്നതിനും നിർദ്ദേശം നല്കിയിരുന്നു.

6. അപ്പീൽ കക്ഷിയുടെ വാദത്തിന്റെയും ആലപ്പുഴ ജില്ല ജിയോളജിസ്റ്റിന്റെ റിപ്പോർട്ടിന്റെയും ബഹു.ഹൈക്കോടതി ഉത്തരവിനെറയും അടിസ്ഥാനത്തിൽ ഇക്കാര്യം അപ്പീൽ അധികാരി വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ വെട്ടിയാർ വില്ലേജിൽ സർവ്വേ നം 483/4-ൽ പ്പെട്ടതും ശ്രീമതി.സരസമ്മയുടെ കൈവശത്തിലുള്ളതുമായ സ്ഥലത്തു 50000 MT Granite Aggregates Stock ചെയ്ത് വിപണനം ചെയ്യുന്നതിന് ഡിലേഴ്സ് ലൈസൻസ് നല്കിയതു പ്രകാരം, പ്രസ്തുത സ്ഥലത്ത് ഡീലേഴ്സ് ലൈസൻസ് പുതുക്കുന്നതിനായി ഹർജിക്കാരി സമർപ്പിച്ച അപേക്ഷയിന്മേൽ ആലപ്പുഴ ജിയോളജി ഓഫീസിൽ നിന്നും നടത്തിയ സ്ഥലപരിശോധനയിൽ ടി സ്ഥലത്ത് ഉദ്ദേശം 1500 മെട്രിക്ടൺ ഗ്രാനൈറ്റ് അഗ്രിഗേറ്റ്സ് സ്റ്റോക്ക് ചെയ്തിരിക്കുന്നതായി കണ്ടു. എന്നാൽ KOMPAS റിപ്പോർട്ടിലെ സ്റ്റോക്ക് പരിശോധിച്ചതിൽ 19.7.2024 തീയതിയിൽ ബാലൻസ് സ്റ്റോക്ക് 24180.58 മെട്രിക് ടൺ ആയിരുന്നു. 24180.58 മെട്രിക് ടൺ ഗ്രാനൈറ്റ് അഗ്രിഗേറ്റ്സ് ടി സൈറ്റിൽ ഉണ്ടാകേണ്ടിയിരുന്ന സ്ഥാനത്ത് 1500 മെട്രിക് ടൺ ഗ്രാനൈറ്റ് അഗ്രിഗേറ്റ്സ് മാത്രമേ സ്റ്റോക്ക് ചെയ്തിരിക്കുന്നതായി കാണാൻ കഴിഞ്ഞുള്ളു. അതായത് 22680.58 മെട്രിക് ടൺ ഗ്രാനൈറ്റ് അഗ്രിഗേറ്റ്സിന്റെ സ്റ്റോക്ക് വ്യത്യാസം ഉണ്ടായിട്ടുണ്ടായിരുന്നു. ഇതിൽ നിന്നും മനസ്സിലാകുന്നത് 22680.58 മെട്രിക് ടൺ ഗ്രാനൈറ്റ് അഗ്രിഗേറ്റ്സ് മിനറൽ ട്രാൻസിറ്റ് പാസുകൾ നൽകാതെ അനധികൃതമായി വില്പന നടത്തി എന്നതാണ്. 2015ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ്, & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിലെ ചട്ടം 25 പ്രകാരം ഡീലേഴ്സ് ലൈസൻസ് സമ്പാദിച്ചയാൾ തനെ്റ ഡി.എൽ യാർഡ്/ഡിപ്പോ-ൽ നിന്നും സ്റ്റോക്ക് ചെയ്ത ധാതുക്കൾ വില്പന/ഗതാഗതം ചെയ്യുന്നതിന് മൂവ്മെൻറ് പെർമിറ്റ് സമ്പാദിക്കുകയും തുടർന്ന് ആയതു പ്രകാരമുള്ള Form 0(A) ൽ ഉള്ള മിനറൽ ട്രാൻസിറ്റ് പാസുകൾ നേടണമെന്നും വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപ്പീൽ കക്ഷി 22680.58 മെട്രിക് ടൺ ഗ്രാനൈറ്റ് അഗ്രിഗേറ്റ്സിന് മൂവ്മെൻറ് പെർമിറ്റിന് അപേക്ഷിക്കുകയോ Form 0(A) ൽ ഉള്ള മിനറൽ ട്രാൻസിറ്റ് പാസുകൾ എടുക്കുകയോ ചെയ്തിട്ടില്ല.

ആയതിനാൽ ടി പ്രവൃത്തി 1957ലെ മൈൻസ് & മിനറൽസ്(ഡെവലപ്മെൻറ് & റെഗുലേഷൻ) ആക്ടിലെ സെക്ഷൻ 21(2), 2015ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ്, & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിലെ ചട്ടം 21,23 എന്നിവ പ്രകാരം കുറ്റമാണ്. ടി കുറ്റത്തിന് 2015ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ്, & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിലെ ചട്ടം 29 പ്രകാരം പെനാൽറ്റി ഈടാക്കേണ്ടതാണ്.അതിനാൽ അനധികൃതമായി വിപണനം നടത്തിയ ധാതുവിന്റെ പെനാൽറ്റി ഒടുക്കുവാൻ കക്ഷി

ബാദ്ധ്യസ്ഥയാണ്. ടി സാഹചര്യത്തിൽ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അനധികൃതമായി വിപണനം നടത്തിയ ധാതുവിനെറ റോയൽറ്റി, വില, കോംപൗണ്ടിംഗ് ഫീസ് എന്നീ ഇനത്തിൽ ആകെ 57,43,339/- രൂപ ഒടുക്കുന്നതിനാവശ്യപ്പെട്ട് ആലപ്പുഴ ജിയോളജിസ്റ്റ് 12.12.2024 ൽ പരാമർശം (1) പ്രകാരം നൽകിയ ഡിമാൻറ് നോട്ടീസ് നിലനിറുത്തി കൊണ്ടും അതിന്റെ അടിസ്ഥാനത്തിലുള്ള തുക കക്ഷിയിൽ നിന്നും അടിയന്തരമായി ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാനും,എന്നാൽ കുടിശ്ശിക നിലനിൽക്കുകയാണെങ്കിൽ ഡീലേഴ്സ് ലൈസൻസ് നൽകുവാനോ പുതുക്കി നൽകുവാനോ പാടില്ലെന്ന് 2015 ലെ കേരളാ മിനറൽസ് (പ്രിവെൻഷൻ ഓഫ് ഇല്ലീഗൽ മൈനിങ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ അപ്പീൽ കക്ഷി മറ്റു തരത്തിൽ യോഗ്യയാണെങ്കിൽ ഡീലേഴ്സ് ലൈസൻസ് പുതുക്കി നൽകുന്നതിനും ജിയോളജിസ്റ്റിന് നിർദ്ദേശം നൽകി കൊണ്ടും അപ്രകാരം ബഹു.കോടതി വിധി നടപ്പിലാക്കിയും ശ്രീമതി.സരസമ്മ.പി.എൻ, രാജ് ഭവൻ, ആലക്കോട്, കൊല്ലക്കടവ്, മാവേലിക്കര 20.01.2025 ന് പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

ശ്രീമതി.സരസമ്മ.പി.എൻ, രാജ് ഭവൻ, ആലക്കോട്, കൊല്ലക്കടവ്, മാവേലിക്കര
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (with CL)
ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.
ജില്ലാ ജിയോളജിസ്റ്റ്,
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 19-03-2026 16:08:59
സെക്ഷൻ ഓഫീസർ